# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

ഫെബ്രുവരി 11

**February 11** | **2020**

**1193 മകരം 28 ചൊവ്വ**

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657


**വൃദ്ധജന സൗഹൃദ വിശ്രമാലയം ഒരുക്കി ചിറ്റാർ ഗ്രാമപഞ്ചായത്ത്**

വയോജനങ്ങൾക്ക് സമപ്രായക്കാരോടൊപ്പം ഒത്തുകൂടാനും സൗഹൃദ കൂട്ടായ്മകൾ സംഘടിപ്പിക്കാനും ലക്ഷ്യമിട്ട് വൃദ്ധജന സൗഹൃദ വിശ്രമാലയം ഒരുക്കി മാതൃകയാകുകയാണ് ചിറ്റാർ ഗ്രാമപഞ്ചായത്ത്. വൃദ്ധജന സൗഹൃദ വിശ്രമാലയത്തിന്റെ ഉദ്ഘാടനം ചിറ്റാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രവികല എബി നിർവഹിച്ചു. പ്രവൃത്തി ദിവസങ്ങളിൽ രാവിലെ ഒൻപത് മുതൽ വൈകിട്ട് അഞ്ചു വരെയാണ് വയോജന വിശ്രമകേന്ദ്രം പ്രവർത്തിക്കുക.

ചിറ്റാർ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലാണ് വിശ്രമാലയം ഒരുക്കിയിരിക്കുന്നത്. ഹാളിൽ കസേരകൾ, ഫാൻ, പത്രം ഉൾപ്പെടെ വിവിധ സജീകരണങ്ങൾ ഒരുക്കിയിട്ടു ്. ചിറ്റാർ ഗ്രാമപഞ്ചായത്ത് ഓഫീസിലും തൊട്ടടുത്ത ആയുർവേദ ആശുപത്രിയിലും എത്തുന്ന വയോജനങ്ങൾക്ക് വിശ്രമാലയം ഏറെ പ്രയോജനം ചെയ്യും. വരും ദിവസങ്ങളിൽ വിശ്രമാലയത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ വിപുലീകരിക്കാനാണ് ഗ്രാമപഞ്ചായത്ത് അധികൃതർ ലക്ഷ്യമിടുന്നത്. ഗ്രാമപഞ്ചായത്തിലെ വയോജന സംഘടനകളുടെ അഭ്യർഥനയെത്തുടർന്ന് 2019– 2020 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പഞ്ചായത്ത് ഭരണ സമിതി വൃദ്ധജന സൗഹൃദാലയം ഒരുക്കിയത്.

ചടങ്ങിൽ വൈസ് പ്രസിഡന്റ് രാജു വട്ടമല, റാന്നി ബ്ലോക്ക് പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഓമന ശ്രീധരൻ, ഗ്രാമ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരായ ടി.കെ സജി, ഷൈലജ ബീവി, ഓമന പ്രഭാകരൻ, പഞ്ചായത്തംഗങ്ങളായ മറിയാമ്മ വർഗീസ്, വയ്യാറ്റുപുഴ അജയൻ, ഡി.ശശിധരൻ, മോഹൻദാസ്, പഞ്ചായത്ത് സെക്രട്ടറി ഡി. ബാലചന്ദ്രൻ എന്നിവർ പ്രസംഗിച്ചു

.

***ഫോട്ടോ അടിക്കുറിപ്പ്:*** ഓൾഡ്ഏജ്: ചിറ്റാർ ഗ്രാമപഞ്ചായത്ത് ഒരുക്കിയ വൃദ്ധജന സൗഹൃദ വിശ്രമാലയത്തിന്റെ ഉദ്ഘാടനം ചിറ്റാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രവികല എബി നിർവഹിക്കുന്നു

(പിഎൻപി 685/2020)

## കുടുംബശ്രീ: ഓഡിറ്ററെ ആവശ്യമു ്

കുടുംബശ്രീയുടെ സൂക്ഷ്മ സംരംഭങ്ങളുടെ കണക്കുകൾ പരിശോധിക്കുന്നതിനുള്ള ഓഡിറ്റർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ജില്ലയിൽ സ്ഥിര താമസക്കാരായ 25നും 45നും മധ്യേ പ്രായമുള്ള കുടുംബശ്രീ അംഗങ്ങൾക്കും കുടുംബശ്രീ കുടുംബാംഗങ്ങൾക്കും അപേക്ഷിക്കാം. യോഗ്യത ബി. കോം, കമ്പ്യൂട്ടർ പരിജ്ഞാനം അഭികാമ്യം. ഹോണറേറിയം പ്രവർത്തനത്തിന്റെ  അടിസ്ഥാനത്തിൽ നിശ്ചയിക്കും. ചെറുകിട സംരംഭമേഖലകളിൽ മുൻപരിചയമുള്ളവർക്ക് മുൻഗണന. പ്രാഥമിക ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെടുന്നവർ നാല് ദിവസത്തെ റസിഡൻഷ്യൽ പരിശീലനത്തിൽ പങ്കെടുക്കണം.

വിശദമായ ബയോഡേറ്റായും സർട്ടിഫിക്കറ്റിന്റെ പകർപ്പും ജില്ലാമിഷൻ ഓഫീസിൽ നേരിട്ടോ, ജില്ലാമിഷൻ കോ ഓർഡിനേറ്റർ, കുടുംബശ്രീ ജില്ലാമിഷൻ, മൂന്നാംനില കളക്ട്രേറ്റ് എന്ന വിലാസത്തിലോ സമർപ്പിക്കാം.  അവസാന തീയതി  ഈ മാസം 15. കൂടുതൽ വിവരങ്ങൾക്ക് കുടുംബശ്രീ ജില്ലാമിഷൻ ഓഫീസുമായോ 0468 2221807 എന്ന നമ്പരിലോ ബന്ധപ്പെടുക.

(പിഎൻപി 686/2020)

## ദിഷ:യോഗം നാളെ

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അവലോകന യോഗമായ ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കോ-ഓർഡിനേഷൻ  ആൻഡ് മോണിറ്ററിംഗ്  കമ്മിറ്റി മീറ്റിംഗ് ( ദിഷ) നാളെ (13) രാവിലെ 10.30 ന്  ജില്ലാ പഞ്ചായത്ത്  കോൺഫറൻസ്  ഹാളിൽ ചേരുമെന്ന്  ദിഷ പ്രോജക്ട് ഡയറക്ടർ അറിയിച്ചു.

(പിഎൻപി 687/2020)

## വാഹനങ്ങൾ ഇ-ലേലം ചെയ്യും

ജില്ലയിലെ ആറന്മുള, കോയിപ്രം  പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിച്ചിരിക്കുന്ന അവകാശികളില്ലാത്ത  137 വാഹനങ്ങൾ ഇ-ലേലം ചെയ്യുമെന്ന് ജില്ലാ  പോലീസ്  മേധാവി അറിയിച്ചു.  ഈ മാസം 17 ന്  രാവിലെ 11 മുതൽ 3.30 വരെ എം.എസ്.ടി.സി ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനത്തിന്റെ  www.mstcecommerce.com എന്ന വെബ്സൈറ്റിലൂടെയാണ് ഇ-ലേലം. ലേലത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ എം.എസ്.ടി.സി ലിമിറ്റഡിന്റെ നിബന്ധനകൾക്ക് വിധേയമായി  പേര്  രജിസ്റ്റർ ചെയ്യണം. വാഹനപരിശോധനയ്ക്ക് താൽപര്യമുള്ളവർക്ക് ലേലതീയതിക്ക് തൊട്ടു മുൻപുള്ള പ്രവൃത്തി ദിവസങ്ങളിൽ 10 മുതൽ

അഞ്ച് വരെ അതത്  സ്റ്റേഷൻ ഹൗസ് ഓഫീസറുടെ അനുമതിയോടെ  പരിശോധന നടത്താം. ഫോൺ: 0468 2222630.

(പിഎൻപി 688/2020)

## ഇ.സി.എച്ച്.എസ്  കാർഡ് വിതരണം

ഇ.സി.എച്ച്.എസ് പുതിയ കാർഡ് കൈപ്പറ്റുന്നതിന് അറിയിപ്പ് ലഭിച്ചിട്ടുള്ള വിമുക്ത ഭടന്മാർക്ക് ഈ മാസം 18 മുതൽ 22 വരെ കാർഡ് വിതരണം പത്തനംതിട്ട  ഇ.സി.എച്ച്.എസ് പോളിക്ലിനിക്കിൽ  നടക്കുമെന്ന് ഇ.സി.എച്ച്.എസ്  പോളിക്ലിനിക്ക് ഓഫീസർ  അറിയിച്ചു.  ഇത് സംബന്ധിച്ച ടോക്കൺ മുൻകൂട്ടി വാങ്ങേ    താണ്.

ഫോൺ: 04734 266248.

(പിഎൻപി 689/2020)






.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഫെബ്രുവരി 11<br>February 11 | 2020 |
|---|---|

1193 മകരം 28 ചൊവ്വ

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**കൊറോണ: ബോധവത്കരണത്തിന് വിദ്യാർഥികളും**

ജില്ലയിൽ ആരോഗ്യവകുപ്പിന്റെ കൊറോണ ബോധവത്കരണ പരിപാടികളിൽ പങ്കാളികളാകാൻ വിദ്യാർഥികളും. കോഴഞ്ചേരി എം.ജി.എം. മുത്തൂറ്റ് കോളേജ് ഓഫ് നഴ്സിംഗ്, ഓതറ നസ്റത്ത് കോളജ് ഓഫ് ഫാർമസി എന്നിവിടങ്ങളിലെ വിദ്യാർഥികളാണ് ബോധവത്കരണ പരിപാടികളിൽ പങ്കെടുത്തത്. രോഗം പകരുന്ന രീതി, രോഗലക്ഷണങ്ങൾ, പ്രതിരോധ നടപടികൾ തുടങ്ങിയവയാണ് കുട്ടികൾ വിശദീകരിച്ചത്. പ്രധാന ആശുപത്രികൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ ബോധവൽക്കരണ പരിപാടികൾ തുടരുമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. എ.എൽ ഷീജ അറിയിച്ചു.

***ഫോട്ടോ അടികുറിപ്പ് : എം.ജി.എം–*** കോഴഞ്ചേരി എം.ജി.എം കോളേജിലെ വിദ്യാർഥികൾ ജില്ലാ ആശുപത്രിയിൽ കൊറോണ ബോധവത്കരണം നടത്തുന്നു

***ഫോട്ടോ അടികുറിപ്പ് : എം.ജി.എം1 –*** കോഴഞ്ചേരി എം.ജി.എം കോളേജിലെ വിദ്യാർഥികൾ ജില്ലാ ആശുപത്രിയിൽ കൊറോണ ബോധവത്കരണം നടത്തുന്നു

(പിഎൻപി 690/2020)

## മാരാമൺ കൺവെൻഷൻ നഗറിൽ ആരോഗ്യ വകുപ്പിന്റെ സ്റ്റാൾ

മാരാമൺ കൺവെൻഷൻ നഗറിൽ ആരോഗ്യ വകുപ്പിന്റെ സ്റ്റാൾ പ്രവർത്തിക്കുന്നതായി ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. എ.എൽ ഷീജ അറിയിച്ചു. കൊറോണയെ കുറിച്ചുള്ള സംശയങ്ങൾ ഈ സ്റ്റാളിൽ നിന്നും ദൂരീകരിക്കാം. ഇതിനു പുറമേ ഫസ്റ്റ് എയ്ഡ്, ജീവിതശൈലി രോഗപരിശോധന, അടിയന്തര ഘട്ടങ്ങളിൽ ആംബുലൻസ് സഹായം എന്നിവയും ഒരുക്കിയിട്ടു ്. മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ പാരാമെഡിക്കൽ, പബ്ലിക് ഹെൽത്ത് വിഭാഗം ജീവനക്കാരടങ്ങുന്ന സംഘമാണ് ഡ്യൂട്ടിയിലുള്ളത്. കോറോണാ രോഗ ബോധവത്കരണത്തിനായി ബോർഡുകളും കൺവെൻഷൻ നഗറിൽ സ്ഥാപിച്ചിട്ടു ്.

***ഫോട്ടോ അടികുറിപ്പ് : മാരാമൺ:*** മാരാമൺ കൺവൻഷൻ നഗറിൽ ആരോഗ്യവകുപ്പ് സ്ഥാപിച്ച കൊറോണ ബാധവത്കരണ ബോർഡ്

***ഫോട്ടോ അടികുറിപ്പ് :*** കൊറോണ സെന്റ് തോമസ്: കോഴഞ്ചേരി സെന്റ് തോമസ് കോളജിൽ നടന്ന കൊറോണ ബോധവത്കരണ സെമിനാർ പ്രിൻസിപ്പൽ ഡോ. മാത്യൂ പി എബ്രഹാം ഉദ്ഘാടനം ചെയ്യുന്നു

(പിഎൻപി 691/2020)

## സംസ്ഥാന വനിതാ കമ്മീഷൻ അദാലത്ത് ഇന്ന് (12)

സംസ്ഥാന വനിതാ കമ്മീഷൻ അദാലത്ത് ഇന്ന് (12) രാവിലെ 10.30 ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കും.

(പിഎൻപി 692/2020)

## അധ്യാപക ഒഴിവ്

ചെന്നീർക്കര കേന്ദ്രീയ വിദ്യാലയം വിവിധ തസ്ഥികകളിലേയ്ക്കുള്ള നിയമനത്തിന് കരാർ അടിസ്ഥാനത്തിൽ അപേക്ഷ ക്ഷണിച്ചു. പ്രൈമറി ടീച്ചർ, ഇൻസ്ട്രക്ടർ (കമ്പ്യൂട്ടർ,യോഗ, സ്പോർട്സ്, ആർട്ട്, വർക്ക് എക്സ്പീരിയൻസ്, മ്യൂസിക്) , നേഴ്സ്, കൗൺസിലർ, ഡേറ്റാ എൻട്രി ഓപ്പറേറ്റർ, ടി.ജി.ടി (ഹിന്ദി, ഇംഗ്ലീഷ്, സയൻസ് , സോഷ്യൽ സയൻസ്, സംസ്കൃതം, കണക്ക് ), പി.ജി.ടി (ഹിന്ദി, കണക്ക്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി, കമ്പ്യൂട്ടർ സയൻസ്) തസ്ഥികകളിലാണ് നിയമനം. നിയമനത്തിനുള്ള അഭിമുഖം ഈ മാസം 18 ന് നടക്കും. പങ്കെടുക്കാൻ താൽപര്യമുള്ളവർ രാവിലെ എട്ടിനും ഒൻപതിനും ഇടയിൽ രജിസ്റ്റർ ചെയ്യണം. വിശദവിവരങ്ങൾക്ക് www.chenneerkara.kvs.ac.in എന്ന വെബ്സൈറ്റിലോ 0468 2256000എന്ന നമ്പരിലോ ബന്ധപ്പെടുക.

(പിഎൻപി 693/2020)

## വനിതകൾക്കായി ജില്ലാതല വായ്പാമേള

വനിതാ വികസന കോർപ്പറേഷൻ വനിതകൾക്കായി നടത്തുന്ന ജില്ലാതല വായ്പാമേള ഫെബ്രുവരി 13ന് രാവിലെ 10 ന് പ്രമാടം രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ കെ.യു ജനീഷ് കുമാർ എം.എൽ.എ ഉദ്ഘാടനം ചെയ്യും.വനിതാ വികസന

കോർപ്പറേഷൻ ഡയറക്ടർ  കമലാ സദാനന്ദൻ മുഖ്യ പ്രഭാഷണവും അപേക്ഷാ ഫോം വിതരണോദ്ഘാടനവും നിർവഹിക്കും. ദേശീയ ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷന്റെ സാമ്പത്തിക സഹായത്തോടെയാണ് ജില്ലയിൽ വായ്പാമേള സംഘടിപ്പിക്കുന്നത്. കേരളത്തിലെ പരമാവധി സ്ത്രീകളിൽ വിവിധ വായ്പാ പദ്ധതികളേക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും സ്ഥാപനത്തിന്റെ സഹായം ജില്ലയിലുള്ള വനിതാ സംരംഭകർക്ക് എത്തിക്കുന്നതിന്റെ ഭാഗമായാണ് വായ്പാമേള  സംഘടിപ്പിക്കുന്നത്.

കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ്  കോന്നിയൂർ പി.കെ അധ്യക്ഷത വഹിക്കും. ജില്ലാ പഞ്ചായത്ത് അംഗങ്ങളായ എലിസബത്ത് അബു, ബിനി ലാൽ, കെ.ജി. അനിത, അഡ്വ.ആർ.ബി രാജീവ് കുമാർ,  പഞ്ചായത്ത് പ്രസിഡന്റ് മാരായ റോബിൻ പീറ്റർ, ബീനാ മുഹമ്മദ് റാഫി, രവികല എബി, എം.വി.അമ്പിളി, എം.രജനി, കെ.ജയലാൽ, തോമസ് മാത്യു, ലിസിമോൾ ജോസഫ്, സുനിൽ വർഗ്ഗീസ്, എം.മനോജ് കുമാർ, പ്രീതാ രമേശ്, വനിതാ വികസന കോർപ്പറേഷൻ തിരുവനന്തപുരം മേഖല മാനേജർ പി.എം. അബ്ദുൾ റഹീം, വനിതാ വികസന കോർപ്പറേഷൻ പ്രോജക്ട് മാനേജർ ആശ.എസ്.നായർ തുടങ്ങിയവർ പങ്കെടുക്കും.

(പിഎൻപി 694/2020)




.